പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 962 — 02.12. 2015-ൽ മറുപടിക്ക്.

## അന്യ സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര അന്യ സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ; | (എ) തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠനപ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ നിലവിൽ തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ട്. ടി വിഭാഗത്തിൽപ്പെട്ട എല്ലാ തൊഴിലാളികൾക്കും യുണീക് ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |
| (സി) പ്രസ്തുത തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവീസ്) നിയമപ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരവും നിർമ്മാണ മേഖലയിൽ തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി താമസ സ്ഥലങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിയമലംഘനങ്ങൾ നടത്തുന്ന തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് - തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ